LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം

16(2720) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളിലെ പി.എസ്.സി. വഴി നിയമിതരായ അധ്യാപകർക്ക് 2014 ഏപ്രിൽ, മേയ് മാസങ്ങളിലെ ശമ്പളം ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 22-5-2014-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടും പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരോട് ആർ.എം.എസ്.എ. നോംസിന് ഉപരിയായി വരുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാനുള്ള അടിയന്തര നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സൗജന്യ യൂണിഫോം വിതരണം

17(4296) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടവുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സൗജന്യ യൂണിഫോമിനായി മുൻ ബഡ്ജറ്റിൽ വേണ്ടത്ര തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ വർഷം ഈ ആവശ്യത്തിന് ബഡ്ജറ്റിൽ തുക വകയിരുത്താൻ സാധിക്കാത്ത അവസ്ഥയുണ്ടോ ?

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷം പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള എ.പി.എൽ. ആൺകുട്ടികൾ ഒഴികെയുള്ള സർക്കാർ സ്കൂളിലെ എല്ലാ കുട്ടികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണത്തിനായി 2014-15 വർഷം (SSA) മുഖാന്തരം നടപ്പാക്കുന്നതിന് 31.2177 കോടി രൂപ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കും കൂടി ബാധകമാക്കുന്നതിനു സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എം.ജി.എൽ.സി. അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള മാസ ശമ്പളം

18(4355) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എം.ജി.എൽ.സി (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)-കളിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകുന്ന ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ തുക വർദ്ധിപ്പിച്ചു നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക/ബദൽ വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസം മൂവായിരം രൂപയായിരുന്ന ഓണറേറിയമായി നൽകുന്നത്.

(ബി&സി) ഉണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ 31-1-2013-ലെ HRMP No. 5897 of 2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 8-10-2014-ലെ സ.ഉ. (എം.എസ്.) നമ്പർ 207/14/പൊവിവ. പ്രകാരം ഏകാദ്ധ്യാപകരുടെ പ്രതിമാസവേതനം 3000 രൂപയിൽ നിന്ന് 5000 രൂപയായി 2014 സെപ്റ്റംബർ മാസം മുതൽ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly